**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2658** — **14-12-2015 ൽ മറുപടിയ്ക്ക്.**

**ധർമ്മടം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.നാരായണൻ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ധർമ്മടം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെയും ജല അതോറിറ്റിയുടെയും കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പൂർത്തീകരിച്ചതെന്നും ഏതൊക്കെ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ? | (എ) | **കേരള ജല അതോറിറ്റി**<br>അഞ്ചരക്കണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച് 28-07-2012 ൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതിയിൽ ധർമ്മടം മണ്ഡലത്തിലെ പെരളശ്ശേരി, മുഴപ്പിലങ്ങാട്, വേങ്ങാട്, ചെമ്പിലോട്, പിണറായി, കടമ്പൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ കണ്ണൂർ കുടിവെള്ള പദ്ധതിയുടെ വിപുലീകരണപ്രവൃത്തി 31-03-2014 ന് പൂർത്തീകരിച്ചു. ഇത് ധർമ്മടം മണ്ഡലത്തിലെ കടമ്പൂർ പഞ്ചായത്തിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെട്ടു. ധർമ്മടം മണ്ഡലത്തിലെ ധർമ്മടം പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. കേരള ജല അതോറിറ്റി ആസ്തിവികസന പദ്ധതിപ്രകാരം ധർമ്മടം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. അഞ്ചരക്കണ്ടി പഞ്ചായത്തിലെ കണ്ണാടിവെളിച്ചം മിനി സ്റ്റേഡിയം കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചു.<br>2. കടമ്പൂർ പഞ്ചായത്തിലെ അടൂർ കാപ്പുകുളം ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്നത് - പ്രവൃത്തി പുരോഗമിക്കുന്നു.<br>3. കടമ്പൂർ പഞ്ചായത്തിലെ എടക്കാട് മീത്തലെക്കണ്ടി ഭാഗത്തേക്കുള്ള പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - പുരോഗമിച്ചുവരുന്നു.<br>**ജലസേചന വകുപ്പ്**<br>ധർമ്മടം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ |

കീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

പൂർത്തീകരിച്ച പ്രവൃത്തികൾ

1. എടക്കാട് പഞ്ചായത്തിലെ ചാലപാലത്തിനു മുകൾഭാഗം ചാലത്തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം.
2. വേങ്ങാട് പഞ്ചായത്തിലെ പടുവിലായി തോടിനു കുറുകെയുള്ള ഊർപ്പള്ളി വി.സി.ബി.യുടെ അറ്റകുറ്റപ്പണികളും പാർശ്വഭിത്തി കെട്ടി സംരക്ഷണവും.
3. മുഴുപ്പിലങ്ങാട് പഞ്ചായത്തിലെ മാരാൻകണ്ടി തോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം
4. കടമ്പൂർ പഞ്ചായത്തിലെ അടൂർതോടിന്റെ പാർശ്വഭിത്തി കെട്ടി സംരക്ഷണം
5. എ.എസ്.ഇ-കടലാക്രമണ പ്രതിരോധ പ്രവൃത്തി സി.പി.സ്റ്റോൺ 2199 ന് അടുത്ത് പാരേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത്
6. എ.എസ്.ഇ-കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം ഗ്രാമപഞ്ചായത്ത് - സി.പി.സ്റ്റോൺ 2198 ന് സൗത്ത്.
7. ബണ്ട് നിർമ്മാണം - സി.പി.സ്റ്റോൺ 223 ന് വടക്ക് മുഴുപ്പിലങ്ങാടി ബീച്ച് (National Adventure Academy Building)
8. വേങ്ങാട് ഗ്രാമപഞ്ചായത്തിലെ മാമ്പഴം പാലത്തിന് താഴ്ഭാഗത്ത് അഞ്ചരക്കണ്ടി നദിയുടെ ഇടതുകര സംരക്ഷണം
9. പേരശശ്ശേരി പഞ്ചായത്തിലെ മണലൂർ കമാലക്കടവിൽ അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണം.
10. കടലാക്രമണ പ്രതിരോധ പ്രവൃത്തി പാരേക്കടവ് ധർമ്മടം പഞ്ചായത്ത് സി.പി.സ്റ്റോൺ 2197.

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ

1. പെരളശ്ശേരി പഞ്ചായത്തിലെ മുണ്ടല്ലൂർ കുളത്തിന്റെ നവീകരണം
2. പെരളശ്ശേരി പഞ്ചായത്തിലെ കൊളയമ്പേത്ത് താഴെ വി.സി.ബി.യുടെ നിർമ്മാണം
3. കടലാക്രമണ പ്രതിരോധ പ്രവൃത്തി - വട്ടക്കൽ ചാന്തോടം ധർമ്മടം പഞ്ചായത്ത് സി.പി.സ്റ്റോൺ 2204.
4. കടലാക്രമണ പ്രതിരോധ പ്രവൃത്തി - പാറേക്കടവ് ധർമ്മടം പഞ്ചായത്ത് - നോർത്ത് സി.പി.സ്റ്റോൺ 2198.

**സെക്ഷൻ ഓഫീസർ**